**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2295** **11-10-2021 - ൽ മറുപടിയ്ക്ക്**

**പൊന്നാനിയിൽ ഡീ അഡിക്ഷൻ സെന്റർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. നന്ദകുമാർ** | | **Shri M. V. Govindan Master (തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാന സർക്കാരിന്റെ വിമുക്തി പദ്ധതി പ്രകാരം മലപ്പുറം ജില്ലയിൽ നിലമ്പൂരിൽ ആരംഭിച്ച ഡീ അഡിക്ഷൻ സെന്റർ ഈ കോവിഡ് കാലത്തിൽ പ്രവർത്തന രഹിതമാണെന്ന വിവരം ലഭിച്ചിട്ടുണ്ടോ; | (എ) | നിലമ്പൂർ ഡീ അഡിക്ഷൻ സെന്റർ പ്രവർത്തനരഹിതമാണെന്ന വിവരം ശരിയല്ല. മലപ്പുറം ജില്ലയിൽ കോവിഡ് വ്യാപനം കൂടിയ സാഹചര്യത്തിൽ നിലമ്പൂർ ജില്ലാ ആശുപത്രി സൂപ്രണ്ടിന്റെ ആവശ്യപ്രകാരം ഓക്സിജൻ സൗകര്യമുള്ള വിമുക്തി വാർഡ് താത്കാലികമായി കോവിഡ് വാർഡായി മാറ്റുകയായിരുന്നു. അതുമൂലം ഈ സെന്ററിൽ ഇപ്പോൾ കിടത്തി ചികിത്സ നൽകുന്നില്ല. എന്നാൽ ഒ.പി, കൗൺസിലിംഗ് എന്നീ സേവനങ്ങൾ നൽകി വരുന്നുണ്ട്. |
| (ബി) | പൊന്നാനി ,തിരൂർ എന്നിവിടങ്ങളിൽ നിന്ന് വളരെ ദൂരെയുള്ള നിലമ്പൂരിലേക്ക് രോഗികളെ കൊണ്ടുപോയി ചികിത്സിക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുള്ളതിനാൽ പൊന്നാനിയിൽ ഒരു ഡീ അഡിക്ഷൻ സെന്റർ ആരംഭിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കാമോ? | (ബി) | പൊന്നാനി താലൂക്ക് ആശുപത്രിയോട് ചേർന്ന് എക്സൈസ് വിമുക്തി ഡീ അഡിക്ഷൻ സെന്റർ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ